**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3257** — **25-10-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽ പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ തൊഴിൽ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പദ്ധതിയിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | (എ) അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും, തൊഴിൽ ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായി "സ്റ്റേറ്റ് ജോബ് പോർട്ടൽ” എന്ന ഒരു വെബ് പോർട്ടൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ രൂപം നൽകിയിട്ടുണ്ട്. തൊഴിൽ അന്വേഷകർക്കു സ്വന്തം വിവരങ്ങൾ ഈ പോർട്ടലിൽ അപ്ഡേറ്റ് ചെയ്തു തങ്ങൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തുവാനും തൊഴിൽ ദാതാവിനു തൊഴിലവസരങ്ങൾ പോർട്ടലിൽ നൽകി തങ്ങൾക്കു അനുയോജ്യമായ ഉദ്യോഗാർ ത്ഥിയെ കണ്ടെത്തുവാനും സാധിക്കും. സ്റ്റേറ്റ് ജോബ് പോർട്ടൽ ആഗോളസാന്നിധ്യമുള്ള ലിങ്ക്ഡിൻ എന്ന പോർട്ടലുമായി കരാറിൽ ഏർപ്പെട്ടുകൊണ്ടു ഉദ്യോഗാർത്ഥിയ്ക്ക് ഒരു പോർട്ടലിലെ ലോഗിൻ വിവരങ്ങൾ കൊണ്ട് രണ്ടുപോർട്ടലിലെയും സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. പോർട്ട ലിൽ നൽകുന്ന വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഓട്ടോമാറ്റിക്ക് റെസ്യൂമെ ഉദ്യോഗാർത്ഥിക്ക് ലഭ്യമാകുന്നതാണ് |
| (ബി) | തൊഴിൽ പോർട്ടൽ തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ; | (ബി) | (ബി) കെൽട്രോൺ |
| (സി) | പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവരുടെ വിദേശത്തെ തൊഴിൽ സാദ്ധ്യത വിശദമാക്കുമോ; | (സി) | (സി)യും (ഡി)യും വിദേശത്തുള്ള കമ്പനികൾ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന മുറക്ക് അവിടേക്കുള്ള തൊഴിൽ സാദ്ധ്യതകൾ കൂടി പോർട്ടൽ മുഖാന്തിരം പ്രയോജനപ്പെടുത്താനാകും. നിലവിൽ ഒ.ഡി.ഇ.പി.സി.യുടെ പ്രവർത്തനം പ്രസ്തുത പോർട്ടലുമായി ബന്ധപ്പെടുത്തിയിട്ടില്ല |
| (ഡി) | ഒ.ഡി.ഇ.പി.സി. യുടെ പ്രവർത്തനം പ്രസ്തുത | (ഡി) | (സി)യും (ഡി)യും വിദേശത്തുള്ള കമ്പനികൾ ഈ |

| | | | |
|---|---|---|---|
| | പോർട്ടലുമായി ബന്ധപ്പെട്ടുത്തിയിട്ടുണ്ടോ; വിദേശത്ത് ഇന്ത്യാക്കാർ നടത്തുന്ന സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് പോർട്ടൽ സഹായകമാകുമോ; വ്യക്തമാക്കുമോ? | | പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന മുറക്ക് അവിടേക്കുള്ള തൊഴിൽ സാദ്ധ്യതകൾ കൂടി പോർട്ടൽ മുഖാന്തിരം പ്രയോജനപ്പെടുത്താനാകും. നിലവിൽ ഒ.ഡി.ഇ.പി.സി.യുടെ പ്രവർത്തനം പ്രസ്തുത പോർട്ടലുമായി ബന്ധപ്പെട്ടുത്തിയിട്ടില്ല |

സെക്ഷൻ ഓഫീസർ